ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.09.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണന്റെ നാലു ദിവസത്തെ വടക്കുകിഴക്കൻ സംസ്ഥാന സന്ദർശനത്തിന് തുടക്കമായി.

**Vice President C. P. Radhakrishnan begins his four-day visit to the northeastern states.**

2. രാജ്യത്തിന്റെ പ്രതിരോധ ഉൽപ്പാദനം 2 ലക്ഷം കോടി രൂപ കടന്ന് എക്കാലത്തെയും ഉയർന്ന നിലയിലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിരോധ കയറ്റുമതി 40,000 കോടി രൂപ കവിഞ്ഞെന്നും പ്രധാനമന്ത്രി.

**Prime Minister Narendra Modi says the country's defence production has crossed two lakh crore rupees, reaching an all-time high. Prime Minister says defence exports have crossed 40,000 crore rupees.**

3. പ്രഥമ ഐ ബ്രിക്സ് ഉച്ചകോടിക്കൊരുങ്ങി രാജ്യം; ഈ മാസം 12, 13 തീയതികളിൽ നടക്കുന്ന ഉച്ചകോടിയിൽ അഞ്ഞൂറിലധികം വൻകിട നിക്ഷേപകർ പങ്കെടുക്കും.

**India gears up to host the first i-BRICS Summit; more than 500 major investors will participate in the Summit to be held on the 12th and 13th of this month.**

4. തൃശൂർ കയ്പമംഗലം അപകടത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്ന് മനുഷ്യാവകാശ കമ്മീഷൻ; അപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്കു നഷ്ടപരിഹാരം പരിഗണനയിലെന്ന് തമിഴ്നാട് മന്ത്രി എസ് രാജേഷ് കുമാർ.

**Human Rights Commission calls for a comprehensive probe into the Kaipamangalam accident in Thrissur; Tamil Nadu Minister S. Rajesh Kumar says compensation for the families of the victims is under consideration.**

5. സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ സമഗ്ര ഭിന്നശേഷി പുനരധിവാസ ഗ്രാമം നിർമാണോദ്ഘാടനം നാളെ മന്ത്രി വി.ഇ.അബ്ദുൽ ഗഫൂർ മലപ്പുറത്ത് നിർവഹിക്കും.

**Minister V. E. Abdul Gafoor will inaugurate the construction of the Comprehensive Rehabilitation Village for persons with disabilities under the State Social Justice Department in Malappuram tomorrow.**

6. ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ പുരുഷ ഡബിൾസിൽ ഇന്ത്യയുടെ സാത്വിക്സായിരാജ് രങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യം ഫൈനലിൽ.

**India's Satwiksairaj Rankireddy-Chirag Shetty pair enters the final of the men's doubles at the China Masters Badminton tournament.**

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-1

**VP -VISIT**

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്കുള്ള ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻറെ നാലു ദിവസത്തെ സന്ദർശനത്തിന് തുടക്കമായി. ഗുവാഹാട്ടിയിലെ ലോകപ്രിയ ഗോപിനാഥ് ബോർദൊളോയ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ അസം ഗവർണർ ലക്ഷ്മൺ പ്രസാദ് ആചാര്യ, മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ തുടങ്ങിയവർ ഉപരാഷ്ട്രപതിയെ സ്വീകരിച്ചു. അസമിനു പുറമേ, മേഘാലയ, മണിപ്പുർ, അരുണാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളും അദ്ദേഹം സന്ദർശിക്കും. ഗുവാഹാട്ടിയിൽ ഗീതാനഗർ കോളേജിൻ്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളും, ശ്രീമന്ദ ശങ്കരദേവ ആരോഗ്യ സർവകലാശാലയുടെ ബിരുദദാന ചടങ്ങുമാണ് ഇന്ന് ഉപരാഷ്ട്രപതിയുടെ പരിപാടികൾ.

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-2

**PM-DEFENCE (INTRO)**

*രാജ്യത്തിന്റെ പ്രതിരോധ ഉൽപ്പാദനം എക്കാലത്തെയും ഉയർന്ന നിലയിലാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഡൽഹി സർവകലാശാലയിലെ ശ്രീറാം കോളേജ് ഓഫ് കോമേഴ്സിന്റെ ശതാബ്ദി ആഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. 2 ലക്ഷം കോടി രൂപയുടെ പ്രതിരോധ ഉൽപ്പാദനവും 40,000 കോടിലധികം രൂപയുടെ പ്രതിരോധ കയറ്റുമതിയും രാജ്യം നേടിയതായി പ്രധാനമന്ത്രി പറഞ്ഞു.*
*(വോയിസ്-പ്രധാനമന്ത്രി)*

$$$$$$$$$$$$$$$$$$$$$$$$$

## AMIT SHAH - GOA

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഗോവയിലെത്തി. പശ്ചിമ മേഖലാ സമിതിയുടെ 28-ാമത് യോഗത്തിൽ അദ്ദേഹം അധ്യക്ഷനാകും. ബി.ജെ.പി ഗോവ സംസ്ഥാനസമിതിയുടെ പുതിയ ഓഫീസും അദ്ദേഹം ഉദ്ഘാടനം ചെയ്യും.

$$$$$$$$$$$$$$$$$$$$$$$$$

## HEADLINE-3

## iBRICS SUMMIT

ന്യൂഡൽഹിയിൽ നടക്കുന്ന 18-ാമത് ബ്രിക്സ് ഉച്ചകോടിയോട് അനുബന്ധിച്ച് ഈ മാസം 12, 13 തീയതികളിൽ പ്രഥമ ഐ-ബ്രിക്സ് ഉച്ചകോടി സംഘടിപ്പിക്കും. 500-ലധികം നിക്ഷേപകർ, ധനമന്ത്രിമാർ, വ്യവസായ പ്രമുഖർ എന്നിവർ രണ്ടുദിവസത്തെ ഉച്ചകോടിയിൽ പങ്കെടുക്കും. 21 ബ്രിക്സ് അംഗരാജ്യങ്ങളിലും പങ്കാളിത്ത രാജ്യങ്ങളിലുമുള്ള അടിസ്ഥാനസൗകര്യ വികസനം, ഊർജ്ജം, ഡിജിറ്റൽ പദ്ധതികൾ എന്നിവയിലേക്ക് നിക്ഷേപങ്ങൾ എത്തിക്കുകയാണ് ഉച്ചകോടിയുടെ പ്രധാന ലക്ഷ്യം.

$$$$$$$$$$$$$$$$$$$$$$$$$

## NEPAL FLOODS

നേപ്പാൾ പ്രളയത്തിൽ ഇതുവരെ 1,344 പേരുടെ മരണം സ്ഥിരീകരിച്ചു. വിദേശികൾ ഉൾപ്പെടെ അയ്യായിരത്തോളം പേരെ കാണാതായി. 13,000 ൽ അധികം പേരെ രക്ഷപ്പെടുത്തി. മരിച്ചവരെ തിരിച്ചറിയാൻ D N A പരിശോധന ആരംഭിച്ചിട്ടുണ്ട്. അജ്ഞാത മൃതദേഹങ്ങളുടെ വിവരങ്ങൾ നേപ്പാൾ പോലീസിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതായി അധികൃതർ അറിയിച്ചു. ഇന്ത്യയുടെയും ചൈനയുടെയും സഹായത്തോടെ ജലവൈദ്യുത പദ്ധതിപ്രദേശങ്ങളിൽ രക്ഷാപ്രവർത്തനം തുടരുകയാണ്.

$$$$$$$$$$$$$$$$$$$$$$$$$

## LUXEMBOURG DEPUTY PM- INDIA VISIT

ലക്സംബർഗ് ഉപപ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ സേവ്യർ ബെറ്റൽ മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി നാളെ

ഇന്ത്യയിലെത്തും. വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കറുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഐഐടി മദ്രാസിലെ പരിപാടികളിലും ലക്സംബർഗ് ഉപപ്രധാനമന്ത്രി പങ്കെടുക്കും.

$$$$$$$$$$$$$$$$$$$$$$$$

**KIRTI – SAUDI ARABIA VISIT**

വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് നാല് ദിവസത്തെ സന്ദർശനത്തിനായി സൗദി അറേബ്യയിലെത്തി. സൗദിയിലെ മാനവ വിഭവശേഷി, സാമൂഹിക വികസന മന്ത്രിയുമായും നയതന്ത്ര പ്രതിനിധികളുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. സൗദി അറേബ്യയിലെ ഇന്ത്യൻ പ്രവാസികളുമായും വ്യവസായ സംരംഭകരുമായും കേന്ദ്രസഹ മന്ത്രി സംവദിക്കും.

$$$$$$$$$$$$$$$$$$$$$$$$

**ANDAMAN LG**

ആൻഡമാൻ നിക്കോബാർ ദ്വീപുകളുടെ പുതിയ ലഫ്റ്റനന്റ് ഗവർണറായി ഡോ. ദിനേശ് ശർമയെ രാഷ്ട്രപതി ദ്രൗപദി മുർമു നിയമിച്ചു. 2017 ഒക്ടോബർ മുതൽ പദവിയിൽ തുടരുന്ന അഡ്മിറൽ ദേവേന്ദ്ര കുമാർ ജോഷിക്ക് പകരക്കാരനായാണ് ഡോ. ശർമ നിയമിതനാകുന്നത്.

$$$$$$$$$$$$$$$$$$$$$$$$

**SWATCHATHA HI SEVA**

സ്വച്ഛതാ ഹി സേവയെ യഥാർത്ഥ ജനകീയ പ്രസ്ഥാനമാക്കി മാറ്റണമെന്ന് കേന്ദ്ര ഭവന-നഗരകാര്യ മന്ത്രി മനോഹർ ലാൽ. സ്വച്ഛതാ ഹി സേവ പ്രചാരണത്തിന്റെ ഒൻപതാം പതിപ്പിലേക്ക് രാജ്യം കടക്കുമ്പോൾ, ശുചിത്വമുള്ളതും ആരോഗ്യകരവുമായ ഭാരതത്തിനായുള്ള പ്രതിജ്ഞാബദ്ധത ആവർത്തിക്കുകയാണെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

$$$$$$$$$$$$$$$$$$$$$$$$

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(BREAK)

$$$$$$$$$$$$$$$$$$$$$$$$

**PIB PRESS TOUR**

തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിക്കുന്ന ഉത്തർ പ്രദേശ് മാധ്യമപര്യടനത്തിന് തുടക്കമായി. വിവിധ മാധ്യമസ്ഥാപനങ്ങളിലെ 11 മാധ്യമപ്രവർത്തകരാണ് ഈ മാസം 12 വരെ നടക്കുന്ന പര്യടനത്തിൽ പങ്കെടുക്കുന്നത്. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യ നാഥ്, കാർഷിക വിദഗ്ധൻ പത്മശ്രീ രാം ശരൺ വർമ എന്നിവരുമായി മാധ്യമ പ്രവർത്തകർ കൂടിക്കാഴ്ച നടത്തിയേക്കും.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-5

**MINISTER V.ABDUL GAFOOR**

സംസ്ഥാന സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര ഭിന്നശേഷി പുനരധിവാസ ഗ്രാമം നിർമാണോദ്ഘാടനം മന്ത്രി V E അബ്ദുൽ ഗഫൂർ നാളെ മലപ്പുറത്ത് നിർവഹിക്കും. ഭിന്നശേഷിക്കാർക്ക് ആവശ്യമായ വിവിധ പുനരധിവാസ സേവനങ്ങൾ ഒരേ കുടക്കീഴിൽ ലഭ്യമാക്കുന്നതിനുദ്ദേശിച്ചുള്ള സമഗ്ര പുനരധിവാസ സംരംഭം എന്ന നിലയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-4A

**TRISSUR ACCIDENT (INTRO)**

***തൃശ്ശൂർ കൈപ്പമംഗലം ദേശീയപാതയിലെ അപകടത്തിന്റെ കാരണം വിശദമായി പരിശോധിക്കുമെന്ന് തമിഴ്നാട് വിനോദസഞ്ചാര മന്ത്രി***

***എസ് രാജേഷ് കുമാർ. കേരള സർക്കാർ നടപടി ക്രമങ്ങൾ പൂർത്തിയാക്കി മൃതദേഹങ്ങൾ തമിഴ്നാടിനു കൈമാറി. കുടുംബ ങ്ങൾക്കുള്ള നഷ്ടപരിഹാരം പരിഗണനയിലാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.***

***(വോയിസ് -തമിഴ്നാട് മന്ത്രി എസ് രാജേഷ് കുമാർ.)***

***ഇന്നലെ അർധരാത്രിയായിരുന്നു 8 പേരുടെ മരണത്തിനിടയാക്കിയ അപകടം. തമിഴ്നാട് ഡിണ്ടിഗൽ P S N എൻജിനിയറിങ് കോളേജ് വിദ്യാർഥികളാണ് അപകടത്തിൽപ്പെട്ടത്.***

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-4

**HUMAN RIGHTS COMMISSION**

കയ്പമംഗലം വാഹനാപകടത്തിന്റെ കാരണങ്ങളെ കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. ദേശീയപാതാ അതോറിറ്റി പ്രോജക്റ്റ് ഡയറക്ടറും തൃശൂർ R T O യും രണ്ടാഴ്ചക്കകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ അംഗം വി. ഗീത ആവശ്യപ്പെട്ടു. ചരക്കുലോറികളുടെ അനധികൃത പാർക്കിംഗും കൃത്യമായ സൂചനാ ബോർഡുകൾ സ്ഥാപിക്കാത്തതുമാണ് അപകട കാരണമെന്ന ആരോപണം പ്രത്യേകം അന്വേഷിക്കണം. വാർത്തകളുടെ അടിസ്ഥാനത്തിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

$$$$$$$$$$$$$$$$$$$$$$$$

**THRISSUR- BIKE ACCIDENT**

കയ്പമംഗലം അപകടത്തിന്റെ നടുക്കം മാറുംമുമ്പേ തൃശൂരിൽ വീണ്ടും അപകടം. കുന്നംകുളത്ത് നിയന്ത്രണം വിട്ട കാർ, ബൈക്കിലിടിച്ച് ഒരു കുടുംബത്തിലെ മൂന്ന് പേർ മരിച്ചു. ചാവക്കാട് സ്വദേശികളായ മുനീർ, ഭാര്യ സഫ്ന, മകൻ യമിൽ ഐബക്ക് എന്നിവരാണ് മരിച്ചത്.

$$$$$$$$$$$$$$$$$$$$$$$$

## HEADLINE-6

## BADMINTON

ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ പുരുഷ ഡബിൾസിൽ ഇന്ത്യയുടെ സാത്വിക്സായിരാജ് രങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യം ഫൈനലിൽ. മൂന്നാം തവണയാണ് ഇന്ത്യൻ സഖ്യം ഫൈനലിലെത്തുന്നത്. സെമി ഫൈനലിൽ ഇവർ മലേഷ്യയെ പരാജയപ്പെടുത്തി. ഇന്ന് ഉച്ചയ്ക്കു നടക്കുന്ന ഫൈനലിൽ ഇന്ത്യൻ സഖ്യം ചൈനയെ നേരിടും.

$$$$$$$$$$$$$$$$$$$$$$$$$

## THOOFAN-RAMESH CHENNITHALA

ലഹരിക്കെതിരായ ഓപ്പറേഷൻ തൂഫാൻ പരിപാടി അവസാനിക്കില്ലെന്നും ഘട്ടം ഘട്ടമായി തുടരുമെന്നും ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. കോഴിക്കോട് ഓപ്പറേഷൻ തൂഫാൻ പ്രചരണാർത്ഥം സംഘടിപ്പിച്ച പരിപാടിയിൽ പങ്കെടുത്ത ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

$$$$$$$$$$$$$$$$$$$$$$$$$

## KOCHI DRUGS MARATHONE

ലഹരിക്കെതിരായി കൊച്ചി സിറ്റി പോലീസ് സംഘടിപ്പിക്കുന്ന ബോധവൽക്കരണ മെഗാ മാരത്തോൺ ഇന്ന് വൈകിട്ട് നാലിന്. യെസ് ടു സ്പോർട്സ്, നോ ടു ഡ്രഗ്സ് എന്ന സന്ദേശവുമായാണ് മാരത്തോൺ സംഘടിപ്പിക്കുന്നത്. ജനപ്രതിനിധികളും സിനിമാ-സാംസ്കാരിക രംഗത്തെ പ്രമുഖരും പോലീസ് ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുക്കും.

$$$$$$$$$$$$$$$$$$$$$$$$$

## VULTURE AWARENESS DAY

കഴുകന്മാരെ കുറിച്ചുള്ള അന്താരാഷ്ട്ര അവബോധ ദിനത്തിന്റെ ഭാഗമായി ഹരിയാനയിലെ പഞ്ച്കുലയിൽ ദേശീയ തല ശിൽപ്പശാല സംഘടിപ്പിച്ചു. 'പ്രതിസന്ധിയിൽ നിന്ന് വീണ്ടെടുപ്പിലേക്ക് – ഇന്ത്യയിലെ കഴുകന്മാരുടെ സംരക്ഷണം' എന്ന പ്രമേയത്തിൽ സംഘടിപ്പിച്ച ശിൽപ്പശാല കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ് ഉദ്ഘാടനം ചെയ്തു.

$$$$$$$$$$$$$$$$$$$$$$$$

## IMD – WEATHER

ബിഹാർ, കിഴക്കൻ രാജസ്ഥാൻ, ഹരിയാന, ചണ്ഡിഗഢ്, ഡൽഹി, മധ്യപ്രദേശ്, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ആൻഡമാൻ നിക്കോബാർ ദ്വീപുകളിലും ജമ്മു കശ്മീർ, പശ്ചിമ ബംഗാൾ, സിക്കിം എന്നിവിടങ്ങളിലും ശക്തമായ ഇടിമിന്നലിനും കാറ്റിനും സാധ്യതയുണ്ട്. തമിഴ്നാട്, കാരയ്ക്കൽ, മേഘാലയ എന്നിവിടങ്ങളിലും സമാന കാലാവസ്ഥ അനുഭവപ്പെടും.

$$$$$$$$$$$$$$$$$$$$$$$$

## CHINA LANDSLIDE

ചൈനയിലെ ജിയാങ്സി പ്രവിശ്യയിലുണ്ടായ മണ്ണിടിച്ചിലിൽ രണ്ടു മരണം. പത്തുപേരെ കാണാതായി. ദിവസങ്ങളായി പെയ്യ കനത്ത മഴയാണ് ദുരന്തത്തിന് കാരണമായത്. നിരവധി പേരെ മാറ്റിപ്പാർപ്പിച്ചു. രക്ഷാപ്രവർത്തനം തുടരുകയാണ്.

$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$

$$$$$$$$

$$$$$